## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1988.**

06.02.2019 ൽ
മറുപടിക്ക്

## ക്യാമ്പ് ഫോളോവർമാരുടെ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| **(എ)** ആഭ്യന്തര വകുപ്പിൽ ഏതെല്ലാം തസ്തികകളിലേക്കാണ് ക്യാമ്പ് ഫോളോവർമാരെ നിയമിക്കുന്നത് എന്നറിയിക്കാമോ; | **(എ)** | കുക്ക്, ബാർബർ, ധോബി, വാട്ടർ ക്യാരിയർ, കുക്ക് കം സ്വീപ്പർ, സ്വീപ്പർ കം സാനിറ്റേഷൻ വർക്കർ തുടങ്ങിയ തസ്തികകളിലേയ്ക്കാണ് ആഭ്യന്തര വകുപ്പിൽ ക്യാമ്പ് ഫോളോവർമാരെ നിയമിക്കുന്നത്. |
| **(ബി)** ഉദ്യോഗസ്ഥന്മാരുടെ വീട്ടുകളിലേക്ക് ഇവരെ നിയോഗിക്കാറുണ്ടോ; | **(ബി)** | ഉദ്യോഗസ്ഥന്മാരുടെ വീട്ടുകളിലേക്ക് ക്യാമ്പ് ഫോളോവർമാരെ സ്വകാര്യ ആവശ്യങ്ങൾക്ക് നിയോഗിക്കാൻ പാടില്ലായെന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിലെ 03.07.2015 തീയതിയിലെ എൽ3-103581/2015 സന്ദേശ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **(സി)** ഇവരുടെ നിയമനം ഏത് രീതിയിലാണ് നടത്തിവരുന്നത്;<br><br>**(ഡി)** ഈ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | **(സി)** യും **(ഡി)** യും | ക്യാമ്പ് ഫോളോവർമാരുടെ നിയമനം 26.02.2011 തീയതിയിലെ സ.ഉ(കൈ)നം.681/2011/ആഭ്യന്തരം പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖാന്തിരം ആക്കി ഉത്തരവാകുന്നതു വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയാണ് നടത്തി വന്നിരുന്നത്. നിയമനം പി.എസ്.സി മുഖേന നടത്തുന്നതിലേയ്ക്കായി ക്യാമ്പ് ഫോളോവർമാരെ കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുത്തി വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ